Website : www.keralapsc.gov.in
eMail : doktm.psc@kerala.gov.in

Phone : 0481-2578278

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കോട്ടയം**

ചുരുക്കപ്പട്ടിക നമ്പർ : 15/2022/DOK
കാറ്റഗറി നമ്പർ : 093/2022

സ്ഥലം : കോട്ടയം
തീയതി : 06.12.2022

**വിജ്ഞാപനം**

16.04.2022 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം കോട്ടയം ജില്ലയിൽ വനം - വന്യജീവി വകുപ്പിൽ ₹20,000-45,800/- (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (പാർട്ട് II - വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കായുള്ള നിയമനം - ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) തസ്തികയുടെ നിയമനത്തിനായി 03.09.2022 ന് നടത്തിയ ഒ.എം.ആർ. പരീക്ഷയുടെ അടിസ്ഥാനത്തിൽ 22.11.2022 ന് നിലവിൽ വന്ന ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി 01.12.2022 & 02.12.2022 എന്നീ തീയതികളിൽ ശാരീരിക അളവെടുപ്പും, കായിക ക്ഷമതാ പരീക്ഷയും നടത്തുകയുണ്ടായി. ആയതിൽ വിജയിച്ച്, അപേക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമായി ഇന്റർവ്യൂവിന് അർഹരാണെന്നു കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ ആരോഹണക്രമത്തിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

പുരുഷൻമാർ

**103614 103789 *103854 103873 103949**

സ്ത്രീകൾ

ലഭ്യമല്ല

**കുറിപ്പ് 1 :-** അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായിട്ടാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത്, റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി, നിരുപാധിക സ്വീകാര്യത ഉറപ്പുവരുത്തി മാത്രമേ മേൽപറഞ്ഞ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനും റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും പരിഗണിക്കുകയുള്ളൂ.

**കുറിപ്പ് 2 :-** രജിസ്റ്റർ നമ്പറിനൊപ്പം * അടയാളപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥിയെ, പുനരളവെടുപ്പിൽ നിർദ്ദിഷ്ട ശാരീരിക യോഗ്യത നേടിയാൽ മാത്രമെ അഭിമുഖത്തിന് പങ്കെടുപ്പിക്കുകയുള്ളൂ.

**കുറിപ്പ് 3 :-** പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭിമുഖ പരീക്ഷ നടത്തുന്ന തീയതിയും സ്ഥലവും സംബന്ധിച്ച വ്യക്തിഗത അറിയിപ്പ്, SMS/Profile Message മുഖേന ഉടൻ തന്നെ നൽകുന്നതാണ്.

**കുറിപ്പ് 4 :-** നിലവിലുള്ള നിയമപ്രകാരം ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം ഈ ഘട്ടത്തിൽ അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം ഉത്തരക്കടലാസ് പുന:പരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം നൽകുന്നതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

**മനോജ്കുമാർ പിള്ള കെ. ആർ.**
**ജില്ലാ ആഫീസർ**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കോട്ടയം**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കോട്ടയം**

**വിതരണാനുമതി നൽകുന്നു,**

**സെക്ഷൻ ആഫീസർ**